**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2861 — 10.03.2017-ൽ മറുപടിക്ക്

# അടച്ചുപൂട്ടൽ ഭീഷണിയിലായ പോളീടെക്നിക് കോളേജുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ. എൽദോസ് കുന്നപ്പിള്ളി** | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) എ.ഐ.സി.റ്റി.ഇ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ അറുപതോളം പോളീടെക്നിക് കോളേജുകൾ അടച്ചുപൂട്ടൽ ഭീഷണിയിലാണെന്നത് വസ്തുതയാണോ; | (എ) എ.ഐ.സി.റ്റി.ഇ യുടെ 2017-18 ലെ തുടർ അംഗീകാരത്തിനായുള്ള (EOA) അവസാന തീയതിയായ 9.2.2017 ന് മുമ്പ് തന്നെ സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയുടെ പ്രിന്റ്ഔട്ട് എ.ഐ.സി.റ്റി.ഇ യുടെ തിരുവനന്തപുരം റീജിയണൽ ആഫീസിൽ സമർപ്പിക്കേണ്ട അവസാന തീയതി 2017 മാർച്ച് 31 ആണ്. ഈ പ്രവൃത്തി പുരോഗമിച്ച് വരുന്നു. എ.ഐ.സി.റ്റി.ഇ അപേക്ഷകൾ പരിശോധിച്ചതിനു ശേഷമാണ് സ്ഥാപനത്തിന്റെയും കോഴ്സുകളുടെയും അംഗീകാരം സംബന്ധിച്ച തീരുമാനം ലഭ്യമാക്കുന്നത്. അംഗീകാരം ലഭിക്കുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. |
| (ബി) ടെക്നിക്കൽ എഡ്യുക്കേഷൻ നിഷ്കർഷിച്ചിട്ടുള്ള അദ്ധ്യാപകാനുപാതവും ഭൗതിക സൗകര്യങ്ങളും മിക്ക പോളീടെക്നിക് കോളേജുകളിലും ഇല്ലായെന്നകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;<br><br>(സി) എങ്കിൽ ഈ ന്യൂനതകൾ പരിഹരിക്കുന്നതിന് ഇതിനകം കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ? | (ബി) & (സി) കേരളത്തിലെ പോളിടെക്നിക്കുകളിൽ ജി.ഒ (എം.എസ്) നം. 158/98 തീയതി 21.12.1998 പ്രകാരമുള്ള സ്റ്റാന്റേർഡ് സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്. എ.ഐ.സി.റ്റി.ഇ സ്റ്റാഫ് സ്ട്രക്ചർ അനുസരിച്ചാണ് ഇതു തയ്യാറാക്കിയിട്ടുള്ളത്. 2017-18 ലെ എ.ഐ.സി.റ്റി.ഇ approval hand book നിഷ്കർഷിക്കുന്ന രീതിയിൽ ഭൗതിക സാഹചര്യങ്ങളും ജീവനക്കാരുടെ ആവശ്യകതയും മറ്റ് സൗകര്യങ്ങളും ഒരുക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. സർക്കാർ പോളി ടെക്നിക്കുകളുടെ വികസനത്തിനായി 2016-17 സംസ്ഥാന ബഡ്ജറ്റിൽ 24.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ